**കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ**
**ശാസ്ത്ര ഭവൻ, പട്ടം, തിരുവനന്തപുരം - 695 004**
വെബ് സൈറ്റ് - www.kscste.kerala.gov.in

## ശാസ്ത്ര സാഹിത്യ പുരസ്കാരം - 2023

- മലയാള ഭാഷയിലുള്ള ശാസ്ത്ര സാഹിത്യ സൃഷ്ടികൾ പ്രോത്സാഹിപ്പിക്കുന്നതിനായി കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ ഏർപ്പെടുത്തിയ പുരസ്കാരമാണ് ശാസ്ത്ര സാഹിത്യ അവാർഡ്.

- ശാസ്ത്ര സാഹിത്യ അവാർഡ് 2003 മുതൽ പ്രാബല്യത്തിൽ വന്നിട്ടുള്ളതാണ്, മുൻപ് STEC ഏർപ്പെടുത്തിയ പുരസ്കാരങ്ങളുമായി ഈ അവാർഡിന് സാമ്യമുണ്ടെങ്കിലും വ്യത്യസ്തമാണ്.

- ഇത്തരം അവാർഡ് ഒരിക്കൽ ലഭിച്ചിട്ടുള്ളവർക്ക് 5 വർഷത്തിനുശേഷം മാത്രമേ അതേ വിഭാഗത്തിൽ ഈ അവാർഡിനായി അപേക്ഷ നൽകാനുള്ള യോഗ്യതയുണ്ടാവൂ.

## നിർദ്ദേശങ്ങളും നിബന്ധനകളും

1. പുരസ്കാരങ്ങൾക്കായി അപേക്ഷകൾ നാമനിർദ്ദേശം വഴി മാത്രമേ സ്വീകരിക്കുകയുള്ളൂ. വ്യക്തിപരമായ അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

2. 2023-ൽ പ്രസിദ്ധീകരിച്ചതും ജനങ്ങളിൽ ശാസ്ത്രാവബോധം വളർത്താൻ സഹായകമായതും അന്വേഷണാത്മകമായതുമായ രചനകളാണ് പ്രസ്തുത പുരസ്കാരത്തിനായി പരിഗണിക്കുക.

3. അഞ്ച് വിഭാഗങ്ങളിലായാണ് അവാർഡുകൾ നൽകുന്നത്.
   i. ബാലശാസ്ത്ര സാഹിത്യം
   ii. ജനപ്രിയ ശാസ്ത്ര സാഹിത്യം
   iii. ഗഹനമായ വൈജ്ഞാനിക ശാസ്ത്ര സാഹിത്യം
   iv. ശാസ്ത്ര പത്ര പ്രവർത്തനം
   v. ശാസ്ത്ര ഗ്രന്ഥ വിവർത്തനം (മലയാളം)
4. അൻപതിനായിരം രൂപയും ഫലകവും പ്രശസ്തി പത്രവും അടങ്ങുന്നതാണ് അവാർഡ്

5. പുരസ്കാരത്തിന് പരിഗണിക്കുന്നതിനായി ഉചിതമായ സാഹിത്യ സൃഷ്ടികൾ പ്രശസ്ത ശാസ്ത്ര രചയിതാക്കൾ, പ്രസാധകർ, ബന്ധപ്പെട്ട സ്ഥാപനത്തിന്റെ മേധാവികൾ എന്നിവർക്ക് നാമനിർദ്ദേശം ചെയ്യാവുന്നതാണ്.

6. നിർദിഷ്ട അപേക്ഷാഫാറത്തിൽ ലഭിക്കുന്ന നാമനിർദ്ദേശ അപേക്ഷകൾ മാത്രമേ ശാസ്ത്ര സാഹിത്യ അവാർഡിന് പരിഗണിക്കുകയുള്ളു. ഒന്നിലധികം വിഭാഗങ്ങളിലേക്ക് നാമനിർദ്ദേശം കൊടുക്കാൻ ആഗ്രഹിക്കുന്നവർ ഓരോ വിഭാഗത്തിലും പ്രത്യേകം പ്രത്യേകം അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. പക്ഷേ ഒരേ പുസ്തകം ഒന്നിൽ കൂടുതൽ വിഭാഗങ്ങളിലേക്ക് പരിഗണിക്കുന്നതല്ല.

7. സാഹിത്യ രചനയുടെ മൂന്ന് പകർപ്പുകൾ, വിശദമായ ബയോഡാറ്റ, അനുബന്ധ രേഖകൾ (ഉണ്ടെങ്കിൽ) എന്നിവ നാമനിർദ്ദേശ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

8. ശാസ്ത്ര സാഹിത്യകൃതിയുടെ ശരിയായ വിവർത്തനം മാത്രമേ V -മത്തെ വിഭാഗത്തിൽ പരിഗണിക്കുകയുള്ളൂ. വിവർത്തനം ചെയ്യപ്പെട്ട യഥാർത്ഥ പുസ്തകത്തിന്റെ ഒരു കോപ്പി കൂടി നാമനിർദ്ദേശ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

9. ഏതു ഭാഷയിൽ നിന്നുള്ള മലയാള വിവർത്തനവും V-മത്തെ വിഭാഗത്തിൽ പരിഗണിക്കുന്നതാണ്. രചയിതാവിന്റെ / പ്രസാധകന്റെ പകർപ്പവകാശ രേഖയും നാമനിർദ്ദേശ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

10. സ്വതന്ത്ര രചനകളും, സൃഷ്ടികളും മാത്രമേ പുരസ്കാരത്തിന് പരിഗണിക്കുകയുള്ളൂ. മറ്റ് സാഹിത്യ സൃഷ്ടികളുടെ/പുസ്തകങ്ങളുടെ പൂർണമായ/ഭാഗികമായ വിവർത്തനമോ, പകർപ്പോ/പാഠ്യ പുസ്തകങ്ങളുടെ ഭാഗമോ പ്രസ്തുത പുരസ്കാരത്തിന് പരിഗണിക്കുന്നതല്ല. (ഇത് V-മത്തെ വിഭാഗത്തിന് ബാധകമല്ല.)

11. ഏതെങ്കിലും പാഠ്യപദ്ധതിയുടെ ഭാഗമായി അദ്ധ്യയനത്തിന് തിരഞ്ഞെടുത്തിരിക്കുന്ന പുസ്തകങ്ങൾ ശാസ്ത്ര സാഹിത്യ പുരസ്കാരത്തിനായി പരിഗണിക്കുന്നതല്ല.

12. ഏതെങ്കിലും പുസ്തകത്തിന്റെ അധ്യായത്തിന്റെ സംക്ഷിപ്ത രൂപം പുരസ്കാരത്തിനായി പരിഗണിക്കുകയില്ല.

13. നാമനിർദ്ദേശ അപേക്ഷകളുടെ സൂക്ഷ്മമായ വിലയിരുത്തലിനും വിധി നിർണയത്തിനും ശേഷം മാധ്യമങ്ങളിലൂടെയായിരിക്കും കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ (കെ.എസ്.സി.എസ്.ടി.ഇ.) ശാസ്ത്ര സാഹിത്യ അവാർഡുകൾ പ്രഖ്യാപിക്കുന്നത്.

14. അവാർഡ് ലഭിച്ചവരെ മാത്രമെ ഔദ്യോഗികമായ കത്ത് മുഖേന അറിയിക്കുകയുള്ളു.

15. കെ.എസ്.സി.എസ്.ടി.ഇ. സംഘടിപ്പിക്കുന്ന വർണാഭമായ ചടങ്ങിൽ ക്ഷണിക്കപ്പെട്ട സദസിനു മുന്നിൽ വച്ചായിരിക്കും പ്രസ്തുത പുരസ്കാരം വിതരണം ചെയ്യുന്നത്.

16. പ്രസ്തുത പുരസ്കാരം സംബന്ധിച്ച് കെ.എസ്.സി.എസ്.ടി.ഇ. യുടെ തീരുമാനം അന്തിമമായിരിക്കും. പ്രത്യേക അറിയിപ്പ് കൂടാതെ തന്നെ ഏതൊരു ഘട്ടത്തിലും പുരസ്കാരം പൂർണമായോ/ഭാഗികമായോ പിൻവലിക്കാനും, റദ്ദ് ചെയ്യാനും കെ.എസ്.സി.എസ്.ടി.ഇ.ക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

17. ഏതെങ്കിലും വിഭാഗത്തിൽ അർഹമായ സൃഷ്ടികൾ ഒന്നും ഇല്ലാത്ത പക്ഷം പുരസ്കാരം പിൻവലിക്കാനോ റദ്ദ് ചെയ്യാനോ കെ.എസ്.സി.എസ്.ടി.ഇ.-യ്ക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

18. പുരസ്കാരം സംബന്ധിച്ച് പ്രഖ്യാപിച്ചിട്ടുള്ള നിർദ്ദേശങ്ങളും നിബന്ധനകളും മാനദണ്ഡങ്ങൾക്കനുസരിച്ച് ഏതു സമയവും മാറ്റം വരുത്തുവാൻ കെ.എസ്.സി.എസ്.ടി.ഇ.-യ്ക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

19. നിർദ്ദിഷ്ട ഫാറത്തിൽ തയ്യാറാക്കിയ നാമനിർദ്ദേശ അപേക്ഷകൾ സാഹിത്യ സൃഷ്ടികളുടെ മൂന്ന് പകർപ്പുകൾ, ബയോഡാറ്റാ, ശാസ്ത്ര സാഹിത്യ രംഗത്ത് നൽകിയിട്ടുള്ള സംഭാവനകൾ ചൂണ്ടിക്കാണിക്കുന്ന രേഖകളുടെ ശരിപ്പകർപ്പുകൾ എന്നിവ സഹിതം ഡയറക്ടർ, കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ, ശാസ്ത്ര ഭവൻ, പട്ടം, തിരുവനന്തപുരം - 695 004 എന്ന വിലാസത്തിൽ സമർപ്പിക്കുക.

20. അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി **31 ആഗസ്ത് 2024, വൈകിട്ട് 5.00 മണി.** അവസാന തീയതിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ ഒരു കാരണവശാലും അവാർഡിനായി പരിഗണിക്കുന്നതല്ല.